"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ആറ്റുകാൽ ക്ഷേത്രത്തിനടുത്ത് കിള്ളി നദിയ്ക്ക് കറുകെയുള്ള പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിലെ 248/2009 എൽ.എ.ആർ കേസിന് ബാലൻസ് വിധിത്തുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.951/2025/PWD തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-
1. 21.03.2025 തീയതിയിലെ സഉ(സാധാ)നമ്പർ.399/2025/പൊ.മ.വ
2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 09.04.2025 തീയതിയിലെ CEPWD/17618/2022-FR9-PWD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ ആറ്റുകാൽ ക്ഷേത്രത്തിനടുത്ത് കിള്ളി നദിയ്ക്ക് കറുകെയുള്ള പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിലെ വിവിധ എൽ.എ.ആർ കേസുകൾക്ക് വിധിത്തുക അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം 17,75,07,400/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.

2) തിരുവനന്തപുരം ജില്ലയിലെ ആറ്റുകാൽ ക്ഷേത്രത്തിനടുത്ത് കിള്ളി നദിയ്ക്ക് കറുകെയുള്ള പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിലെ 248/2009 നമ്പർ എൽ.എ.ആർ കേസിന്റെ ബാലൻസ് വിധിത്തുകയായി 3,05,039/-രൂപ ആവശ്യമുണ്ടെന്നും മുൻപ് ഭരണാനുമതി നൽകിയ തുകയായ 17,75,07,400/- രൂപയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള തുകയായ 3,05,039/- രൂപയും ചേർത്ത് 17,78,12,439/- രൂപയുടെ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ ആറ്റുകാൽ ക്ഷേത്രത്തിനടുത്ത് കിള്ളി നദിയ്ക്ക് കറുകെയുള്ള പാലം

നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിലെ വിവിധ എൽ.എ.ആർ കേസുകൾക്ക് വിധിത്തുക അനുവദിച്ചു നൽകിയ **17,75,07,400/-** രൂപയോടൊപ്പം **248/2009** നമ്പർ എൽ.എ.ആർ കേസിന്റെ ബാലൻസ് വിധിത്തുകയായി ഇപ്പോൾ ആവശ്യമുള്ള **3,05,039/-** രൂപയും ചേർത്ത് **17,78,12,439/-** രൂപയുടെ (പതിനേഴ് കോടി എഴുപത്തി എട്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി നാന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി **5054-04-337-80-PC** എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ,നിരത്തുകൾ/പാലങ്ങൾ വിഭാഗം.

ജില്ലാ കളക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&പി ആർഡി

കരുതൽ ഫയൽ/**D1/271/2025/PWD**

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 28-06-2025 11:57:27
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് മന്ത്രിയുടെ പി എസ്.ന്

പൊതുമരാമത്ത് സെക്രട്ടറിയുടെ സി എയ്ക്ക്